ഈഴവർ
ഇനിവേണ്ടത്.

റവി. കെ. നാരായണൻ.

ഈഴവർ

ഇനി വേണ്ടത്.

ഗൗരവമേറിയ പ്രമേയം.

സഞ്ചാര സ്വാതന്ത്ര്യത്തെ ഉദ്ദേശിച്ച് വൈക്കം ക്ഷേത്രത്തിനു ചുററുമുള്ള റോഡിൽ സത്യാഗ്രഹസമരം തുടങ്ങിയിട്ട് ഏഴെട്ടു മാസം കഴിഞ്ഞു. ഇതിനകം സത്യാഗ്രഹധർമ്മഭടന്മാർ പലവിധത്തിലുള്ള കഷ്ടതകൾ അനുഭവിച്ചു. ജാതിഭ്രാന്തിൻെറ പ്രേരണയിൽ പല ദുഷ്ടഭൃത്യങ്ങളും പൊല്ലീസുകാരുടെ സാന്നിദ്ധ്യത്തിൽ അവരെ നീചമായും നിർദ്ദയമായും മർദ്ദിച്ചു. ഈ നാട്ടിലും ഇന്ത്യയുടെ ഇതരഭാഗങ്ങളിലുമുള്ള മിക്ക വൃത്താന്തപത്രങ്ങളും ജനപ്രമാണികളും സത്യാഗ്രഹസമരത്തോടു സഹതപിച്ചു. സത്യാഗ്രഹപ്രസ്ഥാനത്തിൽ ഭിന്നാഭിപ്രായമുള്ളവർകൂടിയും സഞ്ചാരസ്വാതന്ത്ര്യകാര്യത്തിൽ അനുകൂലിക്കയാണു ചെയ്തിട്ടുള്ളത്. ഇത്രയൊക്കെയായിട്ടും തിരുവിതാംകൂർ ഗവർമ്മെൻറിനു ലേശം കുലുക്കമുണ്ടായില്ല. അനന്തരം വൈക്കത്തുനിന്നും കാൽനടയായി പുറപ്പെട്ട ഒരു "സവർണ്ണജാഥാ" രാജധാനിയിലെത്തി റീജൻറു മഹാറാണിയെ മുഖംകാണിച്ചു സങ്കടം ഉണർത്തിച്ചു. അതനുസരിച്ചു മഹാറാണി അനുകൂലമായ എന്തെങ്കിലും വിധികല്പിക്കുമെന്നുള്ള പ്രതീക്ഷയും അസ്ഥാനത്തിലായി. സ്വമതസ്ഥരായ പ്രജകളിൽ പത്തിരുപതുലക്ഷം പേർക്കു പെരുവഴിനടക്കാൻ അനുവാദം നൽകേണ്ട കാര്യം ചെറിയ കാര്യമോ? ഇതിനേക്കാൾ ഗൗരവമേറിയ ഒരു പ്രമേയമുണ്ടോ? ഇക്കാര്യത്തിൽ ഒരു തീർച്ചചെയ്യാൻ പരിണതപ്രജ്ഞനായ പരേതനായ മഹാരാജാവിനുതന്നെയും കഴിഞ്ഞില്ല. അ

സ്ഥിതിക്ക് രാജ്യഭരണസോപാനത്തിൽ ആദ്യമായി പദമൂന്നിയ മഹാറാണി ഉടനടി ഒരു വിധി കല്പിക്കുന്നത് എങ്ങനേയാണ്!

നംപൂരിമതം.

നമ്മുടെ രാജാക്കന്മാരുടെ മതം നംപൂരിമതം. അവരുടെ ആചാര്യന്മാർ നംപൂരിമാർ. നംപൂരിമതത്തിൻെറ മുഖ്യഘടകങ്ങൾ തീണ്ടും തൊടക്കം ജാതിചിന്തയുമത്രെ. ഈ ത്രിദോഷങ്ങളെ നശിപ്പിക്കാമെങ്കിൽ നംപൂരിമതം നശിച്ചു. നംപൂരിഭക്തന്മാരായ രാജാക്കന്മാരുണ്ടോ നംപൂരിമതത്തെ നശിപ്പിക്കാൻ ധൈര്യപ്പെടുന്നു!

നംപൂരിമതം ജനങ്ങളെ ഭിന്നിപ്പിച്ചുനിറുത്താൻ പററിയ ഒരു മതമാണ്. ഈ വസ്തുത ബുദ്ധിമാന്മാരായ ബ്രിട്ടീഷിന്ത്യൻഭരണാധികാരികളും മനസ്സിലാക്കിയിട്ടുണ്ട്. ബ്രിട്ടീഷുഭരണനയത്തിൻേറയും വിലക്ഷണധർമ്മം ഭിന്നിപ്പിച്ചു ഭരിക്കയെന്നുള്ളതല്ലേ? ബ്രിട്ടീഷു സവ്വീസിൽനിന്നും ഇവിടെ ദിവാൻജിമാരായി വരുന്നവർ ബ്രിട്ടീഷു ഭരണനയത്തെ പിന്തുടരുന്നതും ബ്രിട്ടീഷുഭരണമേധാവികളെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നതും സ്വാഭാവികമാണല്ലോ. ചുരുക്കത്തിൽ, ബ്രിട്ടീഷു സിംഹത്തിൻെറ അകമ്പടിയോടുകൂടിയ നംപൂരിമതത്തിൻെറ ശാസനമാണ് ഇവിടെനടക്കുന്ന അഴിമതികൾക്കും അനത്ഥങ്ങൾക്കുമെല്ലാം നിയാമകമായിരിക്കുന്നത്.

നംപൂരിമതം ദുഷിച്ചു വികൃതമായ ഒരു മതമാണ്. ആത്മമതത്തിനും ആര്യസംസ്കാരത്തിനും അശേഷം യോജിക്കാത്ത അനാചാരപരമ്പരകളേക്കൊണ്ടു ബീഭത്സമായ ഒരു മതമാണത്. ആ മതം നംപൂരിമാരേയും നംപൂരിസന്തതികളായ രാജാക്കന്മാരേയും, നായന്മാരേയും മാത്രമല്ല, അവരുമായി സംസർഗ്ഗത്തിനു സംഗതിയായിട്ടുള്ള സകല മനുഷ്യരേയും ഒരുവിധത്തി

ലല്ലെങ്കിൽ മററൊരു വിധത്തിൽ ദൂഷിപ്പിച്ചിട്ടുള്ളതാണ്. നം പൂരിമതത്തിൻെറ ആക്രമണത്തിൽനിന്നു പൂൎണ്ണമായി രക്ഷനേടാൻ മലയാളക്കരയിലുള്ള യാതൊരു ജനസമുദായത്തിനും ഇന്നുവരെ കഴിഞ്ഞിട്ടില്ല. അങ്ങനെ രക്ഷനേടിയാൽ കൊള്ളാമെന്നുള്ള വ്യാമോഹത്താൽ അങ്ങുമിങ്ങും ചില ആളുകൾ അരയും തലയും മുറുക്കിത്തുടങ്ങിയിട്ടുണ്ടെന്നേയുള്ളു. ഈ നിലയിൽ നംപൂരിമതത്തിൻെറ അനുമതിയോടുകൂടി രാജ്യശ്രേയസ്സിനൊ സമുദായക്ഷേമത്തിനൊ ഉപയുക്തമായ വല്ല കാൎയ്യങ്ങളും നടത്തുക സാദ്ധ്യമാണോ?

നിയമസഭയും ഗവമ്മെൻറും.

സഞ്ചാരസ്വാതന്ത്ര്യപ്രമേയം തിരുവിതാംകൂർ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടിരിക്കയാണല്ലൊ. ആ പ്രമേയത്തിൻെറഗതി എന്തായിരിക്കുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. പക്ഷെ അതു പാസാകുമെന്നുതന്നെ ഇരിക്കട്ടെ. എന്നാലും സഞ്ചാരസ്വാതന്ത്ര്യം എല്ലായിടത്തും സുസ്ഥാപിതമാകുമോ എന്നു സംശയമാണ്. പബ്ളിക് റോഡുകളെ പ്രൈവററു റോഡുകളോ ക്ഷേത്രസങ്കേതം റോഡുകളോ ആക്കിത്തീക്കാൻ നിർലജ്ജം ശ്രമിക്കുന്ന ഗവമ്മെൻറുകൾക്കു തടസ്സങ്ങൾ പുറപ്പെടുവിക്കാൻ പ്രയാസമൊന്നും ഉണ്ടായിരിക്കയില്ല. മററു കാരണങ്ങൾ ഒന്നുമില്ലെങ്കിൽ സമാധാനലംഘനം നേരിടുമെന്നുള്ള വ്യാജേനയും അവക്കു നിരോധന ഉത്തരവുകൾ പുറപ്പെടുവിക്കാമല്ലൊ.

കല്പാത്തിബഹളം.

പാലക്കാട്ടെ കല്പാത്തിഗ്രാമത്തിൽ ഈയിടെ നടന്ന സംഭവത്തെപ്പററി ആലോചിക്കുക. നഗരവീഥികൾ, ഗ്രാമവീഥികൾ, പൊതുക്കിണറുകൾ മുതലായവ എല്ലാവക്കും ഉപയോഗിക്കാമെന്നു മദിരാശി നിയമസഭ ഒരു പ്രമേയം പാസ്സാ

ക്കുകയും അതിനെ ആദരിച്ചു മദിരാശി ഗവമ്മെൻറു പ്രൊസീഡിംഗ്സ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തത് ഈ അടുത്ത കാലത്താണ്. അതനുസരിച്ചാണു പാലയ്ക്കാട്ടുകാരായ കുറെ ഈഴവർ കല്പാത്തിഗ്രാമത്തിൽ പ്രവേശിക്കാൻ നിശ്ചയിച്ചത്. അത് കല്പാത്തിഗ്രാമവാസികളായ പട്ടന്മാക്കു രസമായില്ല. അവരുടെ അപേക്ഷപ്രകാരം അവിടത്തെ ഡിവിഷനാപ്പീസ്സർ (സായിപ്പ്) ഒരു നിരോധനാജ്ഞയും പുറപ്പെടുവിച്ചു. ഈഴവരുടെ പുറപ്പാടു ലഹളയ്ക്കല്ലെന്നു ബോദ്ധ്യമായപ്പോൾ മൂന്നോ നാലോ ആളുകൾ വീതം ഗ്രാമവീഥിയിൽ കൂടി കടന്നുപോകാൻ ഈ ഉദ്യോഗസ്ഥനും മററുചില അഭ്യുദയകാംക്ഷികളും ഉപദേശിച്ചു. അതനുസരിച്ച് ആദ്യം പോയത് ഏതാനും അന്തസ്സുള്ള ക്ഷീണകായന്മാരായിരുന്നു. അവരെ പട്ടന്മാർ ഇഷ്ടംപോലെ പ്രഹരിക്കയും ചെയ്തു. അതുസംബന്ധിച്ചും ചില കൂട്ടവും കുറിയുമൊക്കെ ഉണ്ടായി. ഇവിടത്തെ സത്യാഗ്രഹനായകന്മാരിൽചിലർ പാലയ്ക്കാട്ടും എത്തി. അവിടേയും സത്യാഗ്രഹം തുടങ്ങാൻ ഏപ്പാടുചെയ്തു തീയതിയും നിശ്ചയിച്ചു. എങ്കിലും തുടങ്ങാൻ ഇതേവരെ തരമായില്ല. കല്പാത്തിക്കാര്യം ഇപ്പോൾ മദിരാശി ഗവമ്മെൻറിൻെറ ആലോചനയിൽ ഇരിക്കയാണ്. ആലോചിച്ച് ആലോചിച്ച് ഇനി കല്പാത്തിവീഥി ഒരു പ്രൈവററുവീഥി ആയിപ്പോകുമോ എന്നറിഞ്ഞില്ല. പാലയ്ക്കാട്ടെ പട്ടന്മാർ ഒരു പരിഷ്കാരംകൂടി ഏപ്പെടുത്തിയിരിക്കുന്നു. അവിടെ ഇതുവരെ പ്രവേശമുണ്ടായിരുന്ന മററുചില ഗ്രാമങ്ങളിലും ഇപ്പോൾ ഈഴവർ പ്രവേശിക്കാൻ പാടില്ലെന്നായിരിക്കുന്നു.

അബദ്ധപ്രസ്ഥാനം.

“സത്യാഗ്രഹ”ത്തിന് എത്രെല്ലാം മഹാത്മാക്കളുടെ അനുമതിയുണ്ടായിരുന്നാലും എന്തെല്ലാം അദശ്പരമായ നന്മകൾ ഉണ്ടെന്നു ഘോഷിച്ചാലും ഈഴവരെസംബന്ധിച്ചേടത്തോളം അതൊരു അബദ്ധപ്രസ്ഥാനമായിപ്പോയെന്നാണ് എനിക്കു

തോന്നുന്നത്. വൈക്കം സത്യാഗ്രഹത്തിനും സവർണ്ണജാഥായ്ക്കുംവേണ്ടി ആകെ ചെലവായിട്ടുള്ള സംഖ്യ എന്താണെന്ന് എനിക്കു സൂക്ഷ്മവിവരമില്ല. ആ ചെലവുകളെ സംബന്ധിച്ചു വിവരമായ ഒരു കണക്കെടുപ്പാൻ പ്രയാസവുമാണ്. ഏതാണ്ടു നാല്പതിനായിരം ഉറുപ്പിക ആ വകയ്ക്കു ഹോമിച്ചിട്ടുണ്ടെന്നാണു കേൾക്കുന്നത്. ഇതിൽ അധികഭാഗവും അഗതികളായ ഈഴവരുടെ പണമാണെന്നുള്ളതിനു സംശയമില്ല. ഈ വകയ്ക്കായി ഇതുവരെ വിനിയോഗിക്കപ്പെട്ടിട്ടുള്ള സമയവും ശക്തിയും എത്രമാത്രമായിരിക്കും? ഇത്രയെല്ലാം ചെലവുചെയ്തിട്ടു സാധിച്ച മഹാകാര്യം എന്താണ്?

ശത്രുവ്യൂഹം.

ഈഴവർ ഇന്നനുഭവിക്കുന്ന മിക്ക സ്വാതന്ത്ര്യങ്ങളും അവർ സ്വപ്രയത്നംകൊണ്ടു സമ്പാദിച്ചവയാകുന്നു. സർക്കാർ പാഠശാലകളിലും സർക്കാർ സേവനത്തിലും പ്രവേശംലഭിക്കയെന്നുള്ളത് ഗവൺമെൻറനുവാദംകൂടാതെ സാധിക്കുന്ന സംഗതിയല്ല. ഈ അനുവാദംഈഴവരുടെ നിരന്തരമായ പ്രക്ഷോഭണംകൊണ്ടു തന്നെസിദ്ധിച്ചു. ആ പ്രക്ഷോഭണകാലത്തു സത്യാഗ്രഹസമരമോ ജാതിഹിന്ദുക്കളുടെ നേതൃത്വമോ ഒന്നും വേണ്ടിവന്നില്ല. സഞ്ചാരസ്വാതന്ത്ര്യം ഏതു മനുഷ്യജീവിക്കും ഉണ്ടായിരിക്കേണ്ട പ്രാഥമികമായ ഒരു അവകാശമാകുന്നു. ഈ അവകാശം നിഷേധിക്കാൻ ആർക്കുംഅധികാരമില്ല. അങ്ങനെ നിഷേധിക്കുവാൻ ന്യായബോധമുള്ള യാതൊരുമനുഷ്യനും തോന്നുകയുമില്ല. ഈഴവർ മുതലായവർ അടുത്തകാലംവരെ സഞ്ചരിക്കാതിരുന്ന പല റോഡുകളും ബ്രിട്ടീഷുമലബാറിലും കൊച്ചിയിലുംഎന്നപോലെ തിരുവിതാംകൂറിലുമുണ്ടായിരുന്നു. കരുനാഗപ്പള്ളി—പടനായർകുളങ്ങര, ചെങ്ങന്നൂർ, ആറന്മുള, കോട്ടയം—തിരുനക്കര മുതലായക്ഷേത്രങ്ങൾക്കു സമീപമുള്ള റോഡുകളിൽ ഈഴവർ സഞ്ചരിച്ചു തുടങ്ങിയിട്ടു വളരെക്കാലമായിട്ടില്ല. അവിടെങ്ങും സത്യാ-

ഗ്രഹംകൊണ്ടല്ല കാര്യംസാധിച്ചത്. അക്രമംകൊണ്ടുമല്ല. ചുരുക്കംചില സ്ഥലങ്ങളിൽ ചില കശപിശകൾ ഉണ്ടായിട്ടില്ലെന്നുമില്ല. ആരും ഗവർമ്മെന്റനുവാദത്തിനും ശ്രമിച്ചിരുന്നില്ല. ഇപ്പോൾ മേല്പറഞ്ഞ റോഡുകളിലെങ്ങും തീണ്ടലില്ലാ, തീണ്ടൽ ബോർഡുകളുമില്ല. വൈക്കം, അമ്പലപ്പുഴ മുതലായ അപൂർവം ചില ക്ഷേത്രറോഡുകൾമാത്രമേ ഇപ്പോൾ ഈഴവർ സാധാരണയായി ഉപയോഗിക്കാത്തവയായി ഉള്ളു. ആ റോഡുകളിൽ സഞ്ചരിക്കാനും ആരുടേയും അനുമതി ചോദിച്ചിട്ട് ആവശ്യമില്ലായിരുന്നു. അതിലേയ്ക്കു കാൺഗ്രസ്സുകാരുടേയും ജാതിഹിന്ദുക്കളുടേയുംമററും വാലുപിടിച്ചിട്ടും ആവശ്യമില്ലായിരുന്നു. ഞങ്ങൾ ഇന്ന റോഡിൽ ഇത്രാംതീയതി നടക്കാൻപോകുന്നു. തടുക്കേണമെന്നുള്ളവർ തടുക്കട്ടെ, അടിക്കേണമെന്നുള്ളവർ അടിക്കട്ടെ എന്നൊക്കെ ശബ്ദകോലാഹലം ഉണ്ടാക്കി ശത്രുക്കൾക്കു വ്യൂഹം ഉറപ്പിക്കാൻ സൗകര്യം നൽകിയതു മണ്ടത്തരമായിപ്പോയി.

ആപൽക്കരമായ മനോഭാവം.

വൈക്കംസത്യാഗ്രഹംകൊണ്ടു സാധിച്ച മററുചില സംഗതികളെപ്പററി ആലോചിക്കാം. സ്വപ്രയത്നംകൊണ്ട് ഈഴവരുടെസ്ഥിതി നാനാമുഖമായി ഉയർന്നുവരികയായിരുന്നു. സ്വാശ്രയബുദ്ധി, സ്വാതന്ത്ര്യബോധം, ആത്മാഭിമാനം, സദാചാരം മുതലായ വിശിഷ്ടഗുണങ്ങൾ അവരിൽ ക്രമപ്രവൃദ്ധമായി വികസിച്ചുവരികയായിരുന്നു. എന്നാൽ വൈക്കംസത്യാഗ്രഹം അവരുടെ വളർച്ചയുടെ ഗതിക്ക് ഒരുപ്രതിബന്ധമായിട്ടാണുതീർന്നത്. സമഭാവന, സഹോദരസ്നേഹംമുതലായ സൽഗുണങ്ങൾ തികഞ്ഞ ആളുകൾ ജാതിഹിന്ദുക്കളുടെ ഇടയിൽപലരുമുണ്ടെന്നുള്ളതുശരിതന്നെ. എങ്കിലും ജാതിഹിന്ദുക്കൾ പൊതുവെ പൂർവാചാരഭക്തികൊണ്ടായാലും തജ്ജന്യമായ മൂഢതകൊണ്ടായാലും സ്വാർത്ഥപരതകൊണ്ടായാലും ഈഴവർമുതലായവരോട് അനുകമ്പയില്ലാത്ത നിലയിലാണു കഴിഞ്ഞുവരുന്നത്. ഈ

ഴവാദികളെ പൊതുവേ കീഴടക്കിവെച്ചിരുന്നത് ജാതിഹിന്ദുക്കളാണ്. ജേതാക്കന്മാക്ക പരാജിതരോടുള്ള ക്ഷുദ്രമനോഭാവമാണ് അവക്ക് ഈഴവരോടുള്ളത്. ഈഴവാദികൾക്ക സാമ്പത്തികമായും സാന്മാർഗ്ഗികമായും ഇന്നു കാണുന്ന അപകർഷത്തിനെല്ലാം ഏറെക്കുറെ ഉത്തരവാദികൾ ജാതിഹിന്ദുക്കളാണ്. ഈ വസ്തുത ഈഴവർ നല്ലവണ്ണംമനസ്സിലാക്കേണ്ടതാണ്. ജാതിഹിന്ദുക്കളുടെ നിയന്ത്രണാധികാരത്തിൽനിന്നു നിശ്ശേഷം ഒഴിഞ്ഞാലല്ലാതെ ഈഴവക്ക രക്ഷയില്ല. ജാതിഹിന്ദുനേതൃത്വത്തിൽനിന്നും ഈഴവർ ക്രമേണ ഒഴിഞ്ഞുവരികയുമായിരുന്നു. "സത്യാഗ്രഹ"ത്തിന്റെ ഫലമായി "പിന്നെയും ശങ്കരൻ തെങ്ങേലായി". ജാതിഹിന്ദുക്കൾക്ക നഷ്ടപ്രായമായിരുന്ന നേതൃത്വം വീണ്ടുകിട്ടിയതോടുകൂടി ശത്രുപാളയത്തിനു ശക്തിയും വദ്ധിച്ചു. സത്യാഗ്രഹത്തിലും ജാത്തായിലും ചേരാൻ ജാതിഹിന്ദുക്കളിൽ പലരേയും പ്രേരിപ്പിച്ച ചിത്തവൃത്തികൾ എന്തായിരുന്നാലും ഈഴവാദികൾ അവരോടു നന്ദിയുള്ളവരായിത്തീന്നിരിക്കയാണല്ലോ. നന്ദിഎന്നുള്ളത് ഏതുജന്തുവിനും ഉണ്ടായിരിക്കേണ്ട ഒരു നല്ലഗുണംതന്നേയാണ്. മേല്പറഞ്ഞ നന്ദിയാകട്ടെ സ്ഥാനത്തിലും അസ്ഥാനത്തിലും ബഹുദൂരംവ്യാപിക്കുന്ന ഒന്നാണ്. ഒരു ജനവിഭാഗം പൊതുവെ മറെറാരു ജനവിഭാഗത്തിനു കടപ്പെട്ടിരിക്കുന്ന ഒരുസ്ഥിതിഉണ്ടാക്കുന്നത് ഒരിക്കലുംഗുണകരമല്ല. എന്നുമാത്രമല്ല പ്രാബല്യംകുറഞ്ഞ ഒരു വർഗ്ഗക്കാർ പ്രാബല്യംകൂടിയ മററുചില വർഗ്ഗക്കാരോടു പൊതുവെ കൃതജ്ഞരായിരിക്കത്തക്ക ഒരു മനോഭാവംഉണ്ടാക്കിവെയ്ക്കുന്നത് അത്യന്തം അപൽക്കരമാകുന്നു. അത്തരംമനോഭാവം പ്രാബല്യംകുറഞ്ഞ വർഗ്ഗക്കാരുടെ പൗരുഷവും സ്വാതന്ത്ര്യബോധവും വികസിക്കാൻ വളരെക്കാലം സൗകര്യംനൽകുന്നതല്ല.

കിരാതവർഗ്ഗം.

ഈഴവർ വ്യവസായശീലരായ ഒരു പുരാതന സമുദായക്കാരാണ്. ജാതിഹിന്ദുക്കളുടേയും ജാതിഹിന്ദുഗവമ്മെൻറു

കളുടേയും അനേകം നൂററാണ്ടുകാലത്തെ അക്രമനയവും മനുഷ്യോചിതമല്ലാത്ത മർദ്ദനവും അവരെ വശംകെടുത്തിയിട്ടുള്ളതിനു കണക്കില്ല. സ്വരാജ്യക്കാരായ സ്വമതക്കാരിൽനിന്ന് ഇത്രയധികം പരിപീഡനങ്ങൾ സഹിച്ചിട്ടും ഇതിനകം എത്രയോലക്ഷം ആത്മാക്കൾ അന്യമതങ്ങളിൽ സംക്രമിച്ചിട്ടും കേരളത്തിൽ ഏകദേശം ഇരുപതുലക്ഷം ഈഴവർ (തീയർ) ഇന്നും ഹിന്ദുക്കളെന്നും പറഞ്ഞുനില്ക്കുന്നു. ഇവരുടെ അവശതകൾ എന്തൊക്കെയായിരുന്നാലും ഇവർ തീരെ ചൈതന്യം നശിച്ച ഒരു വർഗ്ഗക്കാരാണെന്നു പറവാൻപാടില്ല. ശ്രീനാരായണപരമഹംസരുടെ പരമപാവനനേതൃത്വത്തിൽ കഴിഞ്ഞരണ്ടുമൂന്നു ദശവർഷക്കാലത്തിനുള്ളിൽ അവർക്കു സാമുദായികമായി ഗണനീയമായ സമുൽക്കർഷം ഉണ്ടായിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു സമുദായക്കാർ ക്ഷേത്രങ്ങളിലും ചില ദിക്കുകളിൽ ക്ഷേത്രസന്നിധിയിലുള്ള റോഡുകളിൽ പോലും സ്പർശിക്കാൻ പാടില്ലെന്ന് അവരെ അടിച്ചുകററിയ ശത്രുക്കളല്ലാതെ പറയുമോ?

ഈഴവർ താരതമ്യേന താണവർഗ്ഗക്കാരാണോ? അവർ താണവരാണെങ്കിൽ അവരുടെ നിലയിലുള്ളവരും അവരെഅപേക്ഷിച്ചു പലവിധത്തിൽ താണപടിയിലുള്ളവരും ജാതിഹിന്ദുക്കൾ എന്നു പറയപ്പെടുന്നവരുടെ ഇടയിലുംഉണ്ട്. നായർ, ചക്കാലൻ, വാണിയൻ, ഇടയൻ, ചെട്ടി, കോമട്ടി മുതലായവരെല്ലാം ജാതിഹിന്ദുക്കൾ എന്നാണല്ലോ വെച്ചിട്ടുള്ളത്. ഇവർക്കെല്ലാം ഈഴവരെഅപേക്ഷിച്ച് എന്തുമെച്ചമാണുള്ളതെന്നു വായനക്കാർതന്നെ ആലോചിച്ചുനോക്കണം. ശ്രീനാരായണപരമഹംസദേവനെപ്പോലെയുള്ള മഹർഷിവര്യന്മാരേയും ശ്രീകുമാരനാശാനെപ്പോലെയുള്ള മഹാകവികളേയും ജനിപ്പിക്കത്തക്ക വിഭവസമൃദ്ധിയുള്ള ഒരു സമുദായംതാണസമുദായമെന്നു പറയുന്നത് ഭ്രാന്തിന്റെ മൂർദ്ധന്യമായിരിക്കും. സത്യാവസ്ഥ എങ്ങനെയൊക്കെയിരുന്നാലും ഈഴവർ താണവരാണത്രെ!

അന്തക്കരണവിഷയമായഅബദ്ധം.

സത്യാഗ്രഹവൃത്താന്തം ലോകത്തു പരന്നതോട്ടുകൂടി ഈഴവരുടെകഥ കുറേക്കൂടിവഷളായി. അവർ വഴിനടക്കാൻപോലും സ്വാതന്ത്ര്യമില്ലാത്ത ഒരുവക നീചപ്പരിഷകളെന്നുള്ള വിചാരം സർവ്വത്ര പരന്നുകഴിഞ്ഞിരിക്കുന്നു. മുമ്പ് ഈഴവരേപ്പററി ഇന്ത്യയുടെ ഇതരഭാഗങ്ങളിലും അന്യരാജ്യങ്ങളിലുംഉള്ള ആളുകൾ അധികമായി ഒന്നും അറിഞ്ഞിരിക്കാനിടയില്ല. അറിഞ്ഞിട്ടുള്ളവർക്ക് അത്രഅവജ്ഞ തോന്നിയിരിക്കാനും വകയില്ല. ഇപ്പോഴാകട്ടെ അവസ്ഥയെല്ലാംമാറി. ഈഴവരെപ്പററി ലോകവാസികളുടെ ഇടയിൽ പൊതുവെ ഒരുവക അയഥാർത്ഥബോധവും അറപ്പും തോന്നിത്തുടങ്ങിയിരിക്കുന്നു. ഇത് അന്തക്കരണവിഷയമായ ഒരു വലിയഅബദ്ധമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. സമത്വവാദികളായ ചുരുക്കം ചില തത്വചിന്തകന്മാരൊഴികെ ജനങ്ങളിൽവലിയഭൂരിപക്ഷവുംജാതിവർഗ്ഗചിന്തകളാൽ ഭരിക്കപ്പെട്ടുന്നവരാകുന്നു. ഒരു വർഗ്ഗക്കാർ നീചരാണെന്നുള്ള ബോധം അവരുടെ അന്തരംഗത്തിൽ ദൃഢമായി പതിഞ്ഞുകഴിഞ്ഞാൽപിന്നെ അതു മാഞ്ഞുപോകാൻ വളരെ പ്രയാസമായിരിക്കും. മനുഷ്യരെ ജാതിജാതിയായി വേർതിരിച്ചു നിറുത്തിയിരിക്കുന്നത് ഇപ്രകാരമുള്ള ചില മിഥ്യാബോധങ്ങളും സങ്കല്പങ്ങളുമല്ലാതെ മറെറന്താണ്? പുറമേയുള്ളവർക്ക് ഇപ്പോൾ ഈഴവരെന്നോ തീയരെന്നോ കേൾക്കുമ്പോൾ ഒരുവക വൃത്തിഹീനരായ കിരാതവർഗ്ഗക്കാർ എന്നായിരിക്കുംതോന്നുന്നത്.

ഭീരുക്കളുടെ ശൗര്യം.

ഈഴവർ സംഖ്യാബലമുള്ള ഒരു സമുദായക്കാരാണ്. അവർക്കുകയ്യൂക്കും നെഞ്ചുറപ്പും വളരെകുറവല്ലെന്നുള്ള വസ്തുത അവർപലപ്പോഴും വെളിപ്പെടുത്തിയിട്ടുണ്ട്. സത്യാഗ്രഹസംരംഭം ആവിർഭവിക്കുന്നതിനുമുമ്പ് ഇതരവർഗ്ഗക്കാർക്കുപൊതുവെ ഈഴ

വരേപ്പററി കുറെശങ്കയും ബഹുമാനവുമൊക്കെ ഉണ്ടായിരുന്നു. അവരുമായി വക്കാണത്തിനു വട്ടംകൂട്ടാൻ അന്യരാരും അത്ര ധൈൎയ്യപ്പെട്ടിട്ടുമില്ല. എന്നാൽ സത്യാഗ്രഹംതുടങ്ങി ശാന്തത അഭിനയിച്ചതുകണ്ടപ്പോൾ അവരോട് ഏതുപട്ടിക്കും ശൗൎയ്യംകാണിക്കാമെന്നായി. പാലയ്ക്കാട്ടെ പട്ടന്മാർപോലും അവരുടെ നേരെ ചാടിവീണതുകണ്ടില്ലേ?

മതപരിവൎത്തനബഹളം.

ജാതിപരമായ അവശതകൾനിമിത്തം ഈഴവജനസമുദായത്തിൽ അസ്വാസ്ഥ്യത ഉണ്ടായിട്ട കുറേക്കാലമായി. അതിൻെറ ഫലമായി മതം മാറാനുള്ള വ്യഗ്രതയും അങ്ങുമിങ്ങും ചിലപ്പോൾ മന്ദമായും ചിലപ്പോൾ മന്ദേതരമായുംഉണ്ടായിട്ടുണ്ട്. ചിലൎക്ക ക്രിസ്തുമതംവേണം, ചിലൎക്ക മഹമ്മദുമതംമതി, മററു ചിലൎക്ക ബുദ്ധമതം സ്വീകരിക്കണം. ഇങ്ങനെ ഓരോരുത്തരും അവരവരുടെ രുചി ഭേദമനുസരിച്ച് ഓരോ മാൎഗ്ഗം നിർദ്ദേശിച്ചു എന്നല്ലാതെ ആ വിഷയത്തിൽ പൊതുവായ ആലോചനയും തീരുമാനവുമൊന്നും ഈഴവസമുദായത്തിൽ ഉണ്ടായിട്ടില്ല. എന്നാൽ സത്യാഗ്രഹത്തിൻെറ ഗതി, ഈഴവരെ നിയന്ത്രിക്കാൻ നിവൃത്തിയില്ലാത്തവിധം അസ്വാസ്ഥരാക്കിച്ചമച്ചിരിക്കുന്നു. ബുദ്ധിസംസ്കാരവും വിവേകവും കുറഞ്ഞവരാണല്ലൊ ഏതുസമുദായത്തിലും അധികംഉണ്ടായിരിക്കുക. അവൎക്ക് ആശാഭംഗവും ആക്ഷാന്തിയും നേരിട്ടാൽഅവരെനിയന്ത്രിക്കാൻ വളരെ പ്രയാസമായിരിക്കും. ഈ അവസ്ഥയാണ് ഇപ്പോൾ ഈഴവൎക്കുവന്നുകൂടിയിരിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഈഴവസമുദായം ഇപ്പോൾ ആശാനില്ലാത്ത കളരിതന്നെയാണ്. മതംമാറാനുള്ള വിഭ്രാന്തി പലദിക്കുകളിലും കലശൽകൂട്ടുന്നു. ചെങ്ങന്നൂരിനുസമീപം തുമ്പമൺഎന്ന പ്രദേശത്തു പത്തിരുപതു വീട്ടുകാർ ഒന്നായി ക്രൈസ്തവസമുദായത്തിൽ ലയിച്ചിരിക്കുന്നു. മയ്യനാട്ടു ക്രിസ്ത്യാനികളാകുന്ന ഈഴവരുടെ അ

വശ്യത്തിലേയ്ക്കു പ്രത്യേകം ഒരു പള്ളിപണിയിച്ചുകൊടുക്കാമെന്ന് അവിടേയുള്ള ഒരു ഈഴവമാന്യൻ വാഗ്ദാനം ചെയ്തിരിക്കുന്നതായിക്കാണുന്നു. കോട്ടയം, ചങ്ങനാശേരി, തിരുവല്ലാ മുതലായി ക്രിസ്ത്യാനികൾക്കു പ്രാബല്യമുള്ള പ്രദേശങ്ങളിൽ ഈഴവരെ കൂട്ടത്തോടെ ആശ്ലേഷിക്കുവാൻ പല ക്രൈസ്തവസഭക്കാരും പരിശ്രമിച്ചുവരുന്നപ്രകാരം അറിയുന്നു. കാററുള്ളപ്പോൾ തൂററാൻ അവർക്കുള്ള സാമർത്ഥ്യം വിശ്രുതവുമാണല്ലൊ. നിയമസഭയിൽ സഞ്ചാരസ്വാതന്ത്ര്യപ്രമേയത്തിൻെറ വിധിയുംപ്രതീക്ഷിച്ചു ക്ഷമിച്ചിരിക്കുന്നവരും ചില്ലറയൊന്നുമല്ല. മതംമാറണമെന്നുള്ള ആലോചന പാലയ്ക്കാട്ടെ ഈഴവരുടെ ഇടയിലും ഉണ്ടായിട്ടുണ്ട്. അവരിൽ ചിലർക്കു ചരിവു മഹമ്മദുമതത്തിലേയ്ക്കാണത്രെ. അത് സ്വാഭാവികമാണ്. അവിടെക്കു ദേശക്കൂറുള്ളതും മാപ്പിളമാർക്ക് (മഹമ്മദീയർക്ക്) ആകുന്നു. ഈ ബഹളങ്ങളെല്ലാം സമുദായപ്രധാനന്മാരും സമുദായപ്രാതിനിധ്യം വഹിക്കുന്ന പത്രങ്ങളും കേവലം ഉദാസീനഭാവത്തിൽ നോക്കിക്കൊണ്ടിരിക്കയാണെന്നുതോന്നുന്നു. അവരിൽ ചിലർ ഈ പരിവർത്തനബഹളങ്ങളെ പ്രോത്സാഹിപ്പിക്കക്കൂടിചെയ്യുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ദുഷിച്ച ഹിന്ദുമതത്തിൽനിന്നും ഈഴവർ എവിടെയെങ്കിലുംപോയി രക്ഷനേടിക്കൊള്ളട്ടെ എന്നായിരിക്കുമോ അവരുടെഭാവം? അതല്ല ഈഴവസമുദായം വല്ലവിധത്തിലും തേഞ്ഞുമാഞ്ഞുപോകണമെന്നായിരിക്കുമൊ? ഈഴവരുടെ പരിഷ്കരണപരിപാടി ഈ വിധം വിധ്വംസനപരമായി പരിണമിച്ചുപോയതിൽ ഞാൻ അത്യന്തം വിസ്മയിക്കുന്നു. ശ്രീനാരായണപരമഹംസദേവൻെറ ആധ്യാത്മികനേതൃത്വത്തിൽ വളരേക്കാലത്തെ അക്ഷീണപരിശ്രമത്താൽ സ്ഥാപിതമായ സമുദായബന്ധം ഈശ്വരാ! ഈവിധത്തിൽ ശിഥിലമാകണമെന്നോവിധി!

മതഭക്തി.

അങ്ങുമിങ്ങും ചിലയാളുകൾ മതംമാറാൻ ബഹളംകൂട്ടാറുണ്ടെങ്കിലും ഈഴവർക്കു പൊതുവേ ഹിന്ദുമതം ഉപേക്ഷിക്കാൻ

സമ്മതമില്ല. അവരെ അന്യമതങ്ങളിൽ ചാടിക്കാനുള്ള ശ്രമം ചില ശുദ്ധഹൃദയന്മാർ വിചാരിക്കുന്നതുപോലെ അത്ര ഫലപ്രദമാകുമെന്ന് എനിക്കു വിശ്വാസമില്ല. എന്നു മാത്രമല്ല അപ്രകാരമുള്ള മതപരിവർത്തനം അവൎക്കു പലവിധത്തിലും അപകർഷഹേതുകമായി ഭവിക്കുമെന്നാണ് എന്റെ ബലമായ അഭിപ്രായം. "തീയരും ഹിന്ദുമതവും" എന്നപേരിൽ ഞാൻ മുമ്പുപ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പ്രബന്ധത്തിൽ മേല്പറഞ്ഞ വിധം മതപരിവർത്തനം ഗുണകരമല്ലെന്നു തെളിയിച്ചിട്ടുള്ളതിനാൽ ആ ഭാഗം ഇവിടെ ആവൎത്തിക്കണമെന്നു വിചാരിക്കുന്നില്ല. ലൗകികങ്ങളായ ചില സൗകൎയ്യങ്ങളും സ്വാതന്ത്ര്യങ്ങളും അന്യമതം സ്വീകരിച്ചാൽ സിദ്ധിക്കുമെന്ന് ഏതീഴവനും അറിയാം. എന്നാലും അവനു മതംമാറുന്നത് അശേഷംപക്ഷമല്ല. ജാതിഹിന്ദുക്കളുടെ ഇടയിൽ നടപ്പിൽ ഇരിക്കുന്ന ദുഷിച്ച ഒരുമതമാണ് ഈഴവരും ഇപ്പോൾ പൊതുവേ ആചരിച്ചുവരുന്നത്. ഹിന്ദുമതമെന്നാണ് ഈ മതത്തിനു പേരുപറഞ്ഞുവരുന്നതെങ്കിലും ഇത് ഹിന്ദുമതത്തിന്റെ എത്രയുംദുഷിച്ച ഒരു രൂപമാണ്. ഈ രൂപവുംകണ്ടിട്ട് ഹിന്ദുമതത്തെ ആകമാനം അപലപിക്കുന്നതു തെറ്റാണ്. സാക്ഷാൽഹിന്ദുമതം അല്ലെങ്കിൽ വൈദികമതം അത്യുൽകൃഷ്ടമായ ഒരു മതമാണ്. ഈ മതത്തിന്റെ പരിശുദ്ധിയിലേക്കു ഹിന്ദുക്കളെ തിരിച്ചുകൊണ്ടുപോകാമെങ്കിൽ അവരുടെ ഇപ്പോഴത്തെ രോഗാകുലമായ സമുദായഘടനയ്ക്കു ഒരു സമൂലപരിവർത്തനം സംഭവിക്കാതെ തരമില്ല. ജാതിഹിന്ദുക്കളുടെ തല്ക്കാലനില എങ്ങനേയുമിരിക്കട്ടെ. അവരുടെ അഭ്യുദയത്തിൽ ആകാംക്ഷ ഇല്ലാഞ്ഞിട്ടല്ല ഞാൻ ഇങ്ങനെ പറയുന്നത്. എന്റെ അവ്യാജമായ പ്രാൎത്ഥന സവൎണ്ണരെന്നും അവൎണ്ണരെന്നും മറ്റുമുള്ള വിഭിന്നഭാവനകളെല്ലാം അസ്തമിച്ച് ഹിന്ദുക്കൾക്ക് ആരോഗ്യയുക്തമായ ഒരു സമുദായഘടന ഉണ്ടാകണമെന്നാണ്. ഈ ചെറിയ പ്രബന്ധത്തിൽ ആ വിഷയത്തെപ്പറ്റി പ്രതിപാദിക്കാൻ സൗകൎയ്യമില്ല. ഇതിലെ പ്രതിപാദ്യവിഷയവും അത

ല്ല. ഈഴവൎക്കു പൊതുവെ മതംമാറാൻ മനസ്സില്ലെന്നു മുക
ളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഈഴവരെ ഹിന്ദുമതത്തിൽനി
ന്നു തെററിക്കാതെ മതവിഷയമായി സംസ്കരിക്കാനും അവരു
ടെ സാമൂഹ്യസ്ഥിതി ഉയൎത്താനും മാൎഗ്ഗമുണ്ടോ? ഉണ്ടെങ്കിൽ എ
ന്തിന് അവരെ അന്യമതങ്ങൾക്കു ബലികഴിക്കുന്നു?

അശുദ്ധി.

വൈക്കം റോഡു തുറന്നു കിട്ടുന്നതോടുകൂടി ഈഴവന്റെ
മോക്ഷദ്വാരവും തുറന്നുകിട്ടുമെന്ന് ആരും വിചാരിക്കണ്ടാ.
വൈക്കംറോഡെന്നല്ല കല്പാത്തിഗ്രാമവീഥിയെന്നല്ല അ മട്ടിലു
ള്ള എത്ര റോഡുകളും ഗ്രാമവീഥികളും തുറന്നുകിട്ടിയാലും ഈ
ഴവൻ ഈഴവൻതന്നെ. അവന്റെ അലച്ചിൽ അവിടെ അ
വസാനിക്കുമോ? ക്ഷേത്രപ്രവേശം വേണ്ടേ? അതിനും പ്രക്ഷോ
ഭണവും സത്യാഗ്രഹവുംമറ്റും നടത്താതെ നിവൃത്തിയുണ്ടോ?
ക്ഷേത്രപ്രവേശം കിട്ടിയാൽ അവന്റെ അവശത തീരുമോ? പി
ന്നെയും ഈഴവൻ ഈഴവൻതന്നെ. ക്ഷേത്രപ്രവേശമുള്ള ച
ക്കാലനും ഇലവാണിയനും ഇന്നും ചക്കാലനും ഇലവാണിയ
നുംതന്നെയാണല്ലൊ.

സഞ്ചാരസ്വാതന്ത്ര്യവും ക്ഷേത്രപ്രവേശവുമെല്ലാം തുഛ
കാൎയ്യങ്ങൾ! അതിലേയ്ക്കു സത്യാഗ്രഹവുംവേണ്ടാ, ഒരു മണ്ണാങ്കട്ട
യുംവേണ്ടാ. ആരും പ്രഹ്ലാദചരിതവും ക്രിസ്തുദേവചരിതവും ഒ
ന്നും അഭിനയിക്കേണമെന്നില്ല. ആരുടേയും അനുവാദം ചോ
ദിക്കയുംവേണ്ടാ. ഈവക അവകാശങ്ങൾ ഉപയോഗിക്കാൻ
വേണ്ട ശക്തിയും ധൈൎയ്യവും ഉണ്ടായാൽ മാത്രം മതി. അഹ
ങ്കരിച്ചു തുള്ളിച്ചാടി നടക്കണമെന്നോ വലിയെച്ചെന്ന് ആരോ
ടെങ്കിലും അക്രമംപ്രവൎത്തിക്കണമെന്നോ ഞാൻ ഒരിക്കലും ഉപ
ദേശിക്കയില്ല. എന്നാൽ ആരെങ്കിലും ഇങ്ങോട്ടുവന്ന് അക്ര
മംപ്രവൎത്തിക്കയാണെങ്കിൽ സ്വരക്ഷാവകാശം പൌരുഷത്തെ

ടുകൂടി ഉപയോഗിക്കതന്നെവേണം. അതിലേയ്ക്കു നിയമം അനുവദിക്കുന്നുണ്ട്, ധമ്മശാസ്ത്രം ശാസിക്കുന്നുണ്ട്, മനുഷ്യപ്രകൃതി ഉപദേശിക്കുന്നുണ്ട്.

സഞ്ചാരസ്വാതന്ത്ര്യം, ക്ഷേത്രപ്രവേശനം, സത്യാഗ്രഹം ഇത്യാദി ശബ്ദാത്ഥങ്ങളേക്കൊണ്ടൊന്നും ഈഴവന്റെ അശുദ്ധിക്കു പരിപൂണ്ണമായ പരിഹാരം ഉണ്ടാവുന്നതല്ല. ഈഴവന്റെ അശുദ്ധിക്കുള്ള കാരണം തീണ്ടലും തൊടീലുമാണോ? തീണ്ടലും തൊടീലും ഇന്നല്ലെങ്കിൽ നാളെ നശിച്ചുപോകും. എന്നാലും ജാതിചിന്ത നശിക്കയില്ല. ജാതിചിന്ത നിലനില്ക്കുന്ന കാലത്തോളം ഈഴവന്റെ അശുദ്ധി നീങ്ങുമെന്ന് ഞാൻ വിചാരിക്കുന്നില്ല. പിന്നെ ഈഴവനുണ്ടെന്നു വെച്ചിരിക്കുന്ന അശുദ്ധിക്കുള്ള മുഖ്യനിദാനം എന്താണ്? ഈഴവൻ (തീയൻ) ഹിന്ദുവായിരിക്കുന്നതാണ് അവന്റെ അശുദ്ധിയെന്നു പറയുന്നതു ശരിയാണ്. ഈഴവൻ ഈഴവനായിരിക്കുന്നതാണ് അവന്റെ അശുദ്ധിയെന്നു പറയുന്നതു കുറേക്കൂടിശരിയാണ്. ഈ അശുദ്ധിതന്നെയും ഭാവനാസൃഷ്ടമാണ്. എന്നുവെച്ച് അഗണ്യകോടിയിൽ തള്ളിക്കളയാൻ പാടില്ല. എന്തെന്നാൽ ഭാവനാസൃഷ്ടങ്ങളായ മായാരൂപങ്ങളാണല്ലോ ഇന്നും മനുഷ്യനെ ഭരിച്ചുകൊണ്ടിരിക്കുന്നത്.

പരിഹാരമാഗ്ഗം.

ഭാവനാസൃഷ്ടമായ ഒരു അശുദ്ധിയെ ഭാവനാസൃഷ്ടമായ ഒരു ശുദ്ധികൊണ്ടുതന്നെ പരിഹരിക്കാം. ഈഴവന്റെ അശുദ്ധിയിരിക്കുന്നത് ഈഴവ(തീയ)ശബ്ദത്തിലാണല്ലോ. അതിനാൽ ഈഴവൻ എന്നപേരും ഈഴവൻഎന്നുള്ളവിശ്വാസവും മാറണം. അത് ആദ്യമായി ചെയ്യേണ്ടത് ഈഴവൻ തന്നേയാണ്. അങ്ങനെ ചെയ്താൽ അന്യരുടെ മനസ്സിൽനിന്നും ക്രമേണ അതെല്ലാം മാറിക്കൊള്ളും. ഈഴവ(തീയ)ശബ്ദം നാം

ഇനിയും വെച്ചുകൊണ്ടിരുന്നിട്ട് യാതൊരാവശ്യവുമില്ല. നാം ആചന്ദ്രാൎക്കം ഈഴവരായിരുന്നുകൊള്ളാമെന്ന് പ്രതിജ്ഞയൊന്നുംചെയ്തിട്ടില്ലല്ലോ. പിന്നെ ആ പേരുകളയാൻ എന്തിനു ശങ്കിക്കുന്നു? ഈഴവൻ എന്നപേര് ഉപേക്ഷിച്ചാലും ആപേരും ആ വിചാരവും നമ്മുടേയും അന്യരുടേയും മനസ്സിൽനിന്നുനിശ്ശേഷം വിട്ടുപോകാൻകുറെ പ്രയാസവും കാലവിളംബവുംനേരിടുമെന്ന് എനിക്കറിയാം. കുറേക്കൂടി ക്ഷമിക്കുക. ഞാൻനിൎദ്ദേശിക്കുന്ന പരിഷ്കാരം ഒരു പരിമിതകാലത്തെ മാത്രം ലക്ഷീകരിച്ചുള്ളതല്ല. സമുദായപരിഷ്കരണം വളരെ ദീൎഘദൃഷ്ടിയോടുകൂടി നടത്തേണ്ടതും വളരെ ആഴത്തിൽ ചെല്ലേണ്ടതുമായവിപുലമായ ഒരുകൎമ്മപദ്ധതിയാകുന്നു.

ഈഴവൻ എന്നപേരു കളഞ്ഞാൽ പിന്നെയും ഒരുപേരുവേണമല്ലോ. ആ പേര് എന്തായിരിക്കണം? അതാണ് ആലോചിക്കേണ്ടത്. ഏതെങ്കിലും ഒരുപേരു സ്വീകരിച്ച് ഈഴവന് ഒരുപുതിയ പൎയ്യായശബ്ദംകൂടി സൃഷ്ടിച്ചതുകൊണ്ടായില്ല. നാം സ്വീകരിക്കുന്ന പേരിനു ശബ്ദത്തിലും അൎത്ഥത്തിലും സുഗന്ധവും സൎവോപരി ഭാവനാസ്പൃഷ്ടമായ ശുദ്ധിയും ഉണ്ടായിരിക്കണം. ആ പേരിനു പ്രാചീനത്വവും പ്രചാരവും എന്നപോലെ നമുക്കു ഏററവും പ്രധാനപ്പെട്ട ഒരുധൎമ്മപ്രസ്ഥാനത്തോടു സംബന്ധവുംകൂടി ഉണ്ടായിരുന്നാൽ വളരെവിശേഷമായിരിക്കും. ഈ ലക്ഷണങ്ങളെല്ലാം "ആൎയ്യൻ" എന്നശബ്ദത്തിൽ പൂൎത്തിയായിരിക്കുന്നു. അതിനാൽ നമുക്ക് ഈഴവൻ (തീയൻ) എന്നപേര് ഉപേക്ഷിച്ച് ആൎയ്യൻഎന്നപേരു സ്വീകരിക്കാം; ആൎയ്യസംസ്കാരം ആൎജ്ജിക്കയുംചെയ്യാം. ഞാൻ ഹൃദയപൂൎവംആഗ്രഹിക്കുന്നത് ഈഴവർആൎയ്യസമാജത്തിൽചേരണമെന്നാകുന്നു. ആൎയ്യമതം ഏററവും പുരാതനവും പരിശുദ്ധവുമായ വൈദികമതമത്രെ. ആൎയ്യസമാജസിദ്ധാന്തങ്ങൾ എത്രയും ഉൽകൃഷ്ടങ്ങളാണ്. ആൎയ്യസമാജത്തിൽ ആൎക്കുംചേരാം: സവൎണ്ണനും അവൎണ്ണനും മതംമാറിയവനും അന്യമത

ക്കാരനും അതിൽ ചേരുന്നതിനു തടസ്സമില്ല. എല്ലാവരേയും സംസ്കരിച്ചു ദ്വിജന്മാരാക്കുകയും അവക്കു ഗായത്രി ഉപദേശിക്കുകയും ചെയ്യുന്നു. ആര്യസമാജത്തിൽ സവർണാവർണഭേദമില്ല. എല്ലാവരും ആര്യന്മാർ എന്നൊരു സമുദായക്കാർ. ആര്യന്മാർക്കു തമ്മിൽ പന്തിഭോജനത്തിനും വിവാഹത്തിനും വിരോധമില്ല. പഞ്ചാബിലും ഐക്യസംസ്ഥാനങ്ങളിലുമുള്ള അധഃകൃതവർഗ്ഗക്കാരിൽ പലരേയും കൂട്ടംകൂട്ടമായി ആര്യസമാജത്തിൽ ചേർക്കുകയും അവരെ സംസ്കരിച്ച് അവരുടെ സാമൂഹ്യസ്ഥിതി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ജാതിയേയും അനാചാരങ്ങളേയും ധ്വംസിച്ചുകൊണ്ടുള്ള ആര്യസമാജക്കാരുടെ ഈ പുതിയ സംരംഭം പ്രാചീനാചാരഭക്തന്മാരായ ഹിന്തുക്കളെ അസാമാന്യമായി ക്ഷോഭിപ്പിക്കയും അവർ ആര്യസമാജക്കാരെ ബഹിഷ്കരിക്കാൻ ശ്രമിക്കയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ശത്രുക്കളുടെ ആക്ഷേപങ്ങൾക്കോ ഭീഷണികൾക്കോ ആര്യസമാജക്കാരെ ഹതവീര്യന്മാരാക്കാൻ ഒരിക്കലും സാധിച്ചിട്ടില്ല. നേരേമറിച്ച് ആര്യന്മാർ അവരുടെ അത്യുപരിമംകൊണ്ടും ആദർശശുദ്ധികൊണ്ടും ജനസമുദായത്തിൽ സുവിദിതമായ ഒരുമാന്യസ്ഥാനം സമ്പാദിക്കയാണു ചെയ്തിട്ടുള്ളത്. ഇപ്പോൾ ആര്യസമാജത്തെ കൂടാതെ ഹിന്തുക്കളേപ്പററി വിചാരിക്കാൻതന്നെ നിവൃത്തിയില്ലാത്തനിലയായിട്ടുണ്ട്. ഹിന്തുക്കളെ അന്യമതക്കാരുടെ ആക്രമണങ്ങളിൽനിന്നു രക്ഷിക്കുന്നത് ആര്യസമാജക്കാരാണ്. ആപൽക്കാലങ്ങളിൽ സഹായിക്കയും ശുശ്രൂഷിക്കയും ചെയ്യുന്നത് അവരാണ്. സ്ത്രീകളുടെ മാനംകാക്കുന്നതും അശരണന്മാക്ക് അഭയം നൽകുന്നതും അവർതന്നെയാണ്.

ആര്യസമാജം എത്രയും പ്രബലമായ ഒരു സ്ഥാപനമായിത്തീർന്നിരിക്കയാകുന്നു. അവരുടെ വകയായി എത്രയോ സ്കൂളുകൾ, കാളേജുകൾ, ഗുരുകുലങ്ങൾ, അനാഥമന്ദിരങ്ങൾ മുതലായവ പ്രശസ്തമായ നിലയിൽ നടത്തപ്പെട്ടുവരുന്നുണ്ട്. ആര്യസമാജത്തിന്റെ സർവ്വപ്രധാനമായ സിദ്ധാന്തം ലോക

സേവയാകുന്നു. ക്ഷാമം, ജലപ്രളയം, മഹാമാരി, നിർബ്ബന്ധി ച്ചുള്ള മതപരിവൎത്തനം മുതലായ മഹാവിപത്തുകൾ നേരി ടുന്ന സന്ദൎഭങ്ങളിൽ ആൎയ്യസമാജം ചെയ്യുവരാറുള്ള നിവാരണ വേലകൾ സുപ്രസിദ്ധമാണല്ലൊ. അധഃകൃതോദ്ധാരണ വിഷ യത്തിൽ ആൎയ്യസമാജക്കാരെപ്പോലെ അത്ര ശക്തിയായും ഫല പ്രദമായും പ്രവൎത്തിച്ചുവരുന്ന മറെറാരു സംഘക്കാർ ഇന്ത്യയി ലില്ലതന്നെ. ആൎയ്യസമാജമിഷണറിമാർ ആഫ്രിക്കാ, ആസ്ത്രേ ലിയാ, ഫിജി മുതലായി പരിതസ്ഥിതികൾ അനുകൂലമല്ലാത്ത ദേശാന്തരങ്ങളിൽകൂടിയുംവിജയകരമായവിധത്തിൽ വേലചെ യ്യുന്നുണ്ട്. ലാലാലജപത്റായി, ശ്രദ്ധാനന്ദസ്വാമി, മഹാ ത്മാഹംസരാജ് മുതലായ പണ്ഡിതശിരോമണികളും ത്യാഗി വൎയ്യന്മാരുമായ പുരുഷകേസരികൾ ആൎയ്യസമാജക്കാരും ആൎയ്യ സമാജത്തിനുവേണ്ടി അശ്രാന്തപരിശ്രമം ചെയ്യുന്നവരും ആ കുന്നു.

എന്റെ വായനക്കാരോട് ഒരു കാൎയ്യംകൂടി പറഞ്ഞുകൊ ണ്ട് ഈ പ്രബന്ധം അവസാനിപ്പിക്കാം. ആൎയ്യസമാജത്തി ന്റെ ആദൎശങ്ങൾ എത്രതന്നെ ഉൽകൃഷ്ടങ്ങളായിരുന്നാലും അ തിന് ഇവിടെയും ശത്രുക്കളുണ്ടാവാതെ തരമില്ല. ഈ ശത്രു ക്കൾ ആരെല്ലാമാണെന്ന് ആലോചിക്കണം. ഇവരിൽ ചില രെ കുറേ സൂക്ഷിക്കയും വേണം. ഈഴവരെ എന്നും ഈഴവ രാക്കി ഇട്ടുകുതിരകയറണമെന്നു വിചാരിക്കുന്നവൎക്ക് അവർആ ൎയ്യസമാജത്തിൽ ചേരുന്നതു പക്ഷമായിരിക്കയില്ല. ജാതി യും ജാതികൃതങ്ങളായ ഉച്ചനീചത്വങ്ങളും എന്നുവെച്ചു വാഴി ക്കേണമെന്നു താല്പൎയ്യമുള്ളവരും ആൎയ്യസമാജത്തെ അപഹസി ക്കും. ആൎയ്യസമാജത്തെപ്പററി യാതൊന്നും പഠിച്ചിട്ടില്ലാത്ത വരും സമുദായത്തിന്റെ ഭാവിയെപ്പററി ചിന്തിക്കാൻ ശേഷി യില്ലാത്തവരും ആക്ഷേപങ്ങളും തടസ്സങ്ങളും പുറപ്പെടുവിക്കും. അതെല്ലാം സ്വാഭാവികമാണ്. ആരെന്തുപറഞ്ഞാലും എങ്ങ നേയൊക്കെ ശകാരിച്ചാലും അതെല്ലാം നാം ക്ഷമയോടുകൂടി കേൾക്കണം. സ്വയം വളരെ ശാന്തമായിആലോചിക്കണം.

അനേകം പ്രാവശ്യമാലോചിക്കണം. ആര്യസമാജത്തിൽ ചേരുന്നതു ഗുണകരമാണെന്നു ബോദ്ധ്യമായതിൽ പിന്നീട് അതിൽ ചേർന്നാൽ മതി.

ആര്യസമാജത്തിൽചേരുന്ന നിമിഷത്തിൽ ഈഴവരുടെ അവശതകളെല്ലാം പരിഹരിക്കപ്പെട്ടുമെന്നു ഞാൻ പറഞ്ഞിട്ടില്ല; പറയുകയുമില്ല. ആര്യസമാജത്തിൽ ചേർന്ന് അതിലെ സിദ്ധാന്തങ്ങൾ അനുസരിച്ചു ജീവിക്കുന്നവൎക്കു വ്യക്തിപരമായും സാമൂഹ്യമായും സമുൽക്കർഷവും അവരുടെ മനസ്ഥിതിക്കു പൊതുവെ ഗുണകരമായ ഒരു മാററവും ഉണ്ടാവുമെന്നുള്ളതു തീൎച്ചയാണ്. സമുദായസംസ്കരണം എന്നുപറയുന്നത് ഇപ്പോഴത്തെ തലമുറയെമാത്രം ഉദ്ദേശിച്ചുള്ളതല്ലെന്ന് ഓൎക്കണം. ഭാവിസന്തതികളെക്കൂടി ലക്ഷ്യമാക്കിക്കൊണ്ടുവേണമല്ലൊ സമുദായസംസ്കരണപരിപാടി രൂപീകരിക്കേണ്ടത്. ആര്യസമാജത്തിൽ ചേരുന്നതോടുകൂടി നമ്മുടെഇടയിൽ സംസ്കാരപരമായ ഒരുപരിവൎത്തനം ആരംഭിക്കുന്നതാണ്. ഈ പരിവൎത്തനത്തിന്റെ പരിപൂൎത്തിതന്നെ ആയിരിക്കും നമ്മുടെ ആദർശത്തിന്റെ പരമാവധി. ആകയാൽ ഈഴവർ (തീയർ) എത്രവേഗം ഈഴവർ എന്നപേരു ഉപേക്ഷിക്കയും ആര്യസമാജത്തിൽ ചേരുകയും ചെയ്യുന്നൊ അത്രയും നന്നായിരിക്കും. അതാണ് ഈഴവർ ഇനിവേണ്ടത്.

ഓം ശാന്തി ശാന്തി ശാന്തി.

"വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടം—കൊല്ലം.